**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം - പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. വി.സി. രാജപ്പൻ വയനാട് ജില്ലാ പഞ്ചായത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസറായും സെക്രട്ടറിയായും ജോലി നോക്കിയ കാലയളവുകൾ വ്യക്തമാക്കിയും, അന്യത്രസേവനം ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.738/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 17.03.2018

==================================================================

പരാമർശം: 1. സ.ഉ.(സാധാ) നം.165/2012/തസ്വഭവ തീയതി 16.01.2012

2. സ.ഉ.(സാധാ) നം.9803/2013/പൊഭവ തീയതി 05.12.2013

3. സ.ഉ.(സാധാ) നം.5748/2015/പൊഭവ തീയതി 29.07.2015

4. സ.ഉ.(സാധാ) നം.2929/2016/തസ്വഭവ തീയതി 22.10.2016

5. സ.ഉ.(സാധാ) നം.3033/2017/പൊഭവ തീയതി 16.05.2017

6. അക്കൗണ്ടന്റ് ജനറലിന്റെ 12.07.2017-ലെ ജിഇഒ 2 എ/ആർ235/എഎസ്/2832 നമ്പർ കത്ത്

7. വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.08.2017-ലെ ഡിപി-1-190/2012 നമ്പർ കത്ത്

**ഉത്തരവ്**

പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറിയായിരുന്ന ശ്രീ.വി.സി. രാജപ്പനെ പരാമർശം (1) ഉത്തരവ് പ്രകാരം വയനാട് ജില്ലാപഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി ഒരു വർഷത്തേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചു. തുടർന്ന് 30.01.2012 ൽ വയനാട് ജില്ലാപഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി ജോലിയിൽ പ്രവേശിച്ച ശ്രീ.വി.സി. രാജപ്പന് അന്യത്രസേവന കാലാവധി അവസാനിച്ച മുറക്ക് തുടർച്ചയായി 30.01.2017 വരെ 3 വർഷം കൂടി അന്യത്രസേവനം ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇപ്രകാരം ജോലി നോക്കി വരവേ ടിയാന് ഡെപ്യൂട്ടി സെക്രട്ടറിയായും ജോയിന്റ് സെക്രട്ടറിയായും പ്രമോഷൻ നൽകുകയും വയനാട് ജില്ലാപഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി തുടരാൻ അനുവദിക്കുകയും ചെയ്തു. കൂടാതെ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി തുടരവേ തന്നെ ടിയാനെ പരാമർശം (4) ഉത്തരവ് പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി തെരഞ്ഞെടുക്കുകയും ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിക്കുകയും ടിയാൻ 22.10.2016-ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. പരാമർശം (5) പ്രകാരം ശ്രീ.വി.സി. രാജപ്പന് അഡീഷണൽ സെക്രട്ടറിയായി പ്രൊമോഷൻ നൽകുകയും വയനാട് ജില്ലാപഞ്ചായത്തിൽ സെക്രട്ടറിയായി അന്യത്രസേവനവ്യവസ്ഥയിൽ തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ പാർട്ട് 1 റൂൾ 140(ബി) പ്രകാരം ഒരു ഉദ്യോഗസ്ഥന് തുടർച്ചയായി 5 വർഷത്തിൽ കൂടുതൽ അന്യത്രസേവനത്തിൽ തുടരാൻ പാടില്ലാ എന്ന് വ്യവസ്ഥയുള്ളതിനാൽ ശ്രീ വി.സി. രാജപ്പൻ 5 വർഷത്തിൽ കൂടുതലായി അന്യത്രസേവനവ്യവസ്ഥയിൽ തുടരുകയും ടിയാന് 3 സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുള്ളത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയ ശേഷം മാത്രമേ ടിയാന് വേതനം നൽകുവാൻ കഴിയുകയുള്ളൂവെന്ന് പരാമർശം (6) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചു.

വയനാട് ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി ജോലി നോക്കിവരവേ വയനാട് ജില്ലാ പഞ്ചായത്തിൽ സെക്രട്ടറിയുടെ തസ്തിക ഒഴിവു വരുകയും ടി തസ്തികയിലേക്ക് സർക്കാർ അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ താൻ അപേക്ഷ സമർപ്പിക്കുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തന്നെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ഫിനാൻസ് ഓഫീസറും വിഭിന്ന ചുമതലയും ഉത്തരവാദിത്തവും ഉള്ള വ്യത്യസ്ത തസ്തികകളായതിനാൽ ഇക്കാര്യം അക്കൗണ്ടന്റ് ജനറലിനെ അറിയിച്ച് അന്യത്ര സേവനത്തിൽ തുടരുന്നതിനുള്ള അനുമതി നൽകണമെന്നാണ് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. രാജപ്പൻ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് മാതൃവകുപ്പിൽ തിരികെ പ്രവേശിച്ച ശേഷം സെക്രട്ടറി തസ്തികയിൽ പ്രവേശിച്ചിരുന്നുവെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാമായിരുന്നു. ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയും സെക്രട്ടറി തസ്തികയും വ്യത്യസ്ത തസ്തികകൾ ആയതിനാൽ തുടർച്ചയായി 5 വർഷത്തിൽക്കൂടുതൽ അന്യത്രസേവനത്തിൽ തുടരാൻ പാടില്ലെന്ന നിബന്ധന ഈ കേസിൽ ബാധകമല്ലെന്ന് കാണാവുന്നതാണ്. എന്നാൽ ശ്രീ. രാജപ്പനെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ചതിനുശേഷം ടിയാന് വയനാട് ജില്ലാ പഞ്ചായത്തിൽ പുതിയതായി അന്യത്രസേവനം അനുവദിക്കാമെന്നു തീരുമാനിച്ചാൽ ടിയാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്ത കാലത്തെ നടപടികളെല്ലാം നിയമപരമായി പ്രതിസന്ധിയിലാകും. ഈ സാഹചര്യത്തിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. വി.സി. രാജപ്പൻ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിച്ച കാലം 21.10.2016-ൽ അവസാനിപ്പിച്ചും, 22.10.2016 മുതൽ 31.03.2018 വരെ ടിയാന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ അന്യത്രസേവനം അനുവദിച്ചും, ടിയാൻ ഡെപ്യൂട്ടി സെക്രട്ടറിയായും ജോയിന്റ് സെക്രട്ടറിയായും പ്രൊമോഷൻ ലഭിച്ച ശേഷവും ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ തുടർന്ന നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. വി.സി. രാജപ്പൻ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് വയനാട്
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/52/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ